# മലയാളം

## കേരളപാഠാവലി

ഭാഗം 2

സ്റ്റാൻഡേർഡ് VII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ !

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, First Edition : 2024
Printed at : KBPS, Kakkanad, Kochi-30

© Department of General Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

ഓരോ ജനതയുടെയും അഭിമാനമാണ് മാതൃഭാഷ. മനുഷ്യജീവിതത്തെയും സംസ്കാരത്തെയും നിർണ്ണയിക്കുന്നതിൽ മാതൃഭാഷയ്ക്ക് വലിയ പങ്കുണ്ട്. ഏത് വിജ്ഞാനവും വിനിമയംചെയ്യുന്നത് ഭാഷയിലൂടെയാണ്. സാമൂഹിക മാറ്റത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കുന്നതും ഭാഷയാണ്. ദേശീയതലത്തിൽ ശ്രേഷ്ഠഭാഷയായി അംഗീകരിക്കപ്പെട്ടിരിക്കുന്ന മലയാളം നമ്മുടെ ഭരണഭാഷയുമാണ്. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് സ്വന്തം ഭാഷ പ്രയോഗിക്കുകയാണ് വേണ്ടത്. അതിന് സഹായകമാകുന്ന പഠനപ്രവർത്തനങ്ങളും വ്യവഹാരരൂപങ്ങളും സാഹിത്യഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ പാഠപുസ്തകം.

കൂട്ടുകാരുമൊത്തു വായിക്കാനും രസിച്ചു പഠിക്കാനും പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള അവസരങ്ങളാണ് ഈ പാഠപുസ്തകത്തിൽ ഒരുക്കിയിരിക്കുന്നത്. കഥ പറഞ്ഞും കവിത ചൊല്ലിയും അഭിനയിച്ചും വിവിധ പഠനപ്രവർത്തനങ്ങളിലേർപ്പെട്ടും ഭാഷാശേഷികൾ വികസിപ്പിക്കുന്നതിന് സഹായിക്കും എന്ന വിശ്വാസത്തോടെ ഈ പാഠപുസ്തകം സ്നേഹപൂർവം അവതരിപ്പിക്കുന്നു.

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം.

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**പ്രൊഫ. (ഡോ.) അനിൽ വള്ളത്തോൾ**
സീനിയർ പ്രൊഫസർ
മലയാള വിഭാഗം
കാലിക്കറ്റ് സർവകലാശാല

## ചെയർപേഴ്സൺ

**ഡോ. സീമ ജെറോം**
വകുപ്പധ്യക്ഷ, മലയാളവിഭാഗം
കേരള സർവകലാശാല
കാര്യവട്ടം കാമ്പസ്, തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. കുമാർ ജെ.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം, മഹാരാജാസ് കോളേജ്
എറണാകുളം

**ഡോ. പി. സത്യനേശൻ**
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.)
എസ്.സി.ഇ.ആർ.ടി., കേരളം

## അംഗങ്ങൾ

**അരുൺകുമാർ എ.എസ്.**
എൽ.പി.എസ്.ടി., ജി.എൽ.പി.ജി.എസ്.
തുമ്പമൺ നോർത്ത്, പത്തനംതിട്ട

**ശ്രീദേവി ഡി.**
യു.പി.എസ്.ടി., ജി.കെ.എസ്.ജി.വി.&എച്ച്.എസ്.എസ്.,
വെള്ളനാട്, തിരുവനന്തപുരം

**ദീപ പി.എം.**
യു.പി.എസ്.ടി., ജി.എസ്.ബി.എസ്.
കുമ്പള, കാസറഗോഡ്

**ഷാജി ജോർജ്**
യു.പി.എസ്.ടി., സെന്റ് മേരീസ് യു.പി.എസ്.,
തേവര, എറണാകുളം

**പവിത്രൻ കെ.കെ.**
ട്രെയിനർ, ബി.ആർ.സി.
തിരൂർ, മലപ്പുറം

**സജിത്കുമാർ പി. എം.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്.,
മമ്പറം, കണ്ണൂർ

**യമുന എസ്.**
ഡി.പി.ഒ., എസ്.എസ്.കെ.
കോഴിക്കോട്

**സിദ്ദീഖ് എസ്.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്.
കുളത്തൂർ, തിരുവനന്തപുരം

**രമാദേവി സി.പി.**
എച്ച്.എസ്.എസ്.ടി., ജി.ബി.എച്ച്.എസ്.എസ്.
പറയഞ്ചേരി, കോഴിക്കോട്

**റോയി ജെ. കല്ലറങ്ങാട്ട്**
അധ്യാപകൻ (റിട്ട.),
സെന്റ് ജോർജ് യു.പി.എസ്., മൂലമറ്റം

## ചിത്രരചന

**നൗഷാദലി**

**സോമൻ കടലൂർ**

**ജിനി ജോസ് ജെ.**

**സിഗ്നി ദേവരാജ്**

## അക്കാദമിക് കോഡിനേറ്റർ

**അജി ഡി. പി.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


**4 അരങ്ങൊരുക്കും വർണ്ണക്കാഴ്ചകൾ** 63

കാൽവിരലിൽ വിരിയും കവിത ........ 64

ചിത്രശലഭങ്ങൾ ........ 68

മീനോളം ........ 71

**5 ചെറുതിരയിൽ തെളിയും വലിയൊരു ലോകം** 81

പെയ്തുതീരാത്ത സ്വപ്നം പോലെ ........ 82

മുത്തശ്ശിക്കഥയിലൂടെ ........ 86

കിളി അയാളോട് സംസാരിക്കുന്നു ........ 88

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# അരങ്ങൊരുക്കും വർണ്ണക്കാഴ്ചകൾ

4



ചിത്രവായന നടത്തി
കണ്ടെത്തലുകൾ അവതരിപ്പിക്കുക.

*ആശയാവിഷ്കാരത്തിന്റെ ഉദാത്തരൂപമായ കല മനസ്സിനെ പ്രകാശിതമാക്കുന്നു. അനുഭൂതിയായും സാന്ത്വനമായും വിസ്മയമായും മാറുന്ന അദ്ഭുതക്കാഴ്ചയാണ് ചിത്രകല.*

# കാൽവിരലിൽ വിരിയും കവിത



അന്നുവരെ ഞാൻ എന്റെ ശരീരഭാഗങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നുവോ!

ഇല്ല. ഇല്ലതന്നെ. എന്റെ ഇടതുകാലിനെക്കുറിച്ചല്ലാതെ, അതിന്റെ വിരലുകളിൽ പിടിപ്പിച്ച ബ്രഷും പെൻസിലുമൊക്കെക്കൊണ്ട് വരയ്ക്കുന്ന ചിത്രങ്ങളെക്കുറിച്ചല്ലാതെ.

അതും ചില ലാൻഡ്സ്കേപ്പുകൾ മാത്രം. അവ തന്നെ എത്ര വികൃതങ്ങളായിരുന്നു! കറുത്തിരുണ്ട് ഉയർന്നുനിൽക്കുന്ന കൂമ്പാരക്കുന്നുകൾ, കനത്ത് പടരുന്ന പച്ചപ്പുകൾ, അവയ്ക്കരികിൽ ഒട്ടിച്ചുവച്ച നീലക്കടൽ, ഒന്നും... ഒന്നും... എന്നെ തൃപ്തിപ്പെടുത്തിയില്ല.

പക്ഷേ അവൾ, ഡെലാഹണ്ട്, എന്റെ കൂട്ടുകാരിയായെത്തിയപ്പോൾ, എന്റെ ചിത്രങ്ങളെ പുകഴ്ത്തിപ്പറഞ്ഞപ്പോൾ, അതിന്റെ ഓരോ വിശദാംശത്തെയും മാസ്റ്റർപീസുകളാക്കി എണ്ണിയപ്പോൾ എന്റെ ഹൃദയതാളം ഉയരുന്നത് ആദ്യമായി ഞാൻ കേട്ടു. അതെന്നും തുടിച്ചിരുന്നു എന്നറിഞ്ഞു.

എന്റെ ചിത്രങ്ങൾ എന്റെ മാത്രം തൃപ്തിക്കുവേണ്ടി, ആഹ്ലാദത്തിനു വേണ്ടിയുള്ളതല്ല. അത് എന്നേക്കാൾ മറ്റൊരാൾക്ക് ആനന്ദം നൽകുന്നതാണ്. ആത്മവിശ്വാസം വർധിച്ചു. എനിക്കും എന്റെ ചിത്രങ്ങൾക്കും പ്രാധാന്യമുണ്ട്. ഞാനും മറ്റുള്ളവർക്കുകൂടി ഉപയോഗപ്പെടുന്ന ഒരു വ്യക്തിയാണ്.

ബ്രഷുകളും പെൻസിലുകളും ചായങ്ങളുമൊക്കെ നിലത്ത് ക്രമീകരിച്ചുവച്ചു. അതൊക്കെ ഞാൻതന്നെ ചെയ്യണം. അക്കാര്യത്തിൽ കുടുംബാംഗങ്ങളെ ആശ്രയിച്ചാൽ ശരിയാവില്ല. അവരെ ഞാൻ കുറ്റപ്പെടുത്തുകയല്ല. അയ്യോ! എനിക്കത് കഴിയില്ലല്ലോ.

സെറിബ്രൽ പാൾസി എന്ന ക്രൂരൻ എന്നെ കീഴ്പ്പെടുത്തി ശാരീരിക ചലനങ്ങളെയെല്ലാം തളർത്തിയപ്പോഴും ആശുപത്രിയിൽത്തന്നെ കഴിയണം എന്ന ഡോക്ടർമാരുടെ നിർദേശം അവഗണിച്ച്, എന്നെ പരിചരിക്കുന്ന അമ്മയെയും അച്ഛനെയും കുറ്റപ്പെടുത്തുക... ഇല്ല... അതല്ല ഞാൻ ഉദ്ദേശിച്ചത്. എന്റെ ചിത്രങ്ങൾ ഇഷ്ടത്തിനനുസരിച്ച് കൂടുതൽ മികവോടെ ചെയ്യാൻ ഞാൻ തന്നെ അവ ക്രമപ്പെടുത്തി വയ്ക്കണം. അച്ഛൻ എന്നെയെടുത്ത് അവയ്ക്ക് നടുവിൽ ഇരുത്തും.

അന്നൊരിക്കലാണ് സൺഡേ ഇൻഡിപ്പെൻഡന്റിലെ പേജുകൾ ഇടങ്കാൽകൊണ്ട് മറിക്കുമ്പോൾ ആ അറിയിപ്പ് കണ്ടത്. പന്ത്രണ്ടിനും പതിനാറിനും ഇടയിലുള്ള കുട്ടികൾക്കുവേണ്ടി നടത്തുന്ന ഒരു പെയിന്റിങ് മത്സരത്തെക്കുറിച്ചായിരുന്നു അത്. സിൻഡ്രല തന്റെ രാജകുമാരനുമൊത്ത് നൃത്തം ചെയ്യുന്ന ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം. അവർക്കു ചുറ്റും മറ്റ് നർത്തകരുമുണ്ട്. ആ ചിത്രമാണ് പെയിന്റ് ചെയ്യേണ്ടത്. പന്ത്രണ്ടുവയസ്സു കഴിഞ്ഞ് ഏറെക്കാലമാകാത്ത എനിക്ക് മത്സരത്തിൽ പങ്കെടുക്കാം.

ശരറാന്തലുകൾക്കു കീഴെ നൃത്തം ചെയ്യുന്ന സിൻഡ്രല എന്റെ മനസ്സിൽ നിറഞ്ഞുനിന്നു.

പെയിന്റ് ചെയ്യാൻ പോകുന്ന ചിത്രം ഞാൻ മനസ്സിൽ കണ്ടു; അതിന്റെ എല്ലാ വിശദാംശങ്ങളോടെയും. അത് പ്രസരിപ്പിക്കുന്ന പ്രകാശം, വർണ്ണപ്പൊലിമ, നിറങ്ങളുടെ ഇടം, ചേർച്ച, ലയം എല്ലാം പൂർണ്ണമായ ചിത്രം. ഇനി അതിന്റെ പകർപ്പെടുക്കുകയേ വേണ്ടൂ.

എങ്കിലും... എങ്കിലും അടുക്കളയിലായിരുന്ന അമ്മയെ ഞാൻ വിളിച്ചുവരുത്തി, പത്രത്തിലെ അറിയിപ്പ് കാണിച്ചുകൊടുത്തു.

"ചെയ്തുനോക്ക്" അമ്മ പറഞ്ഞു - "ഏറ്റവും മികവാർന്ന ചിത്രമാകണമെന്നൊന്നുമില്ലല്ലോ. ശ്രമിച്ചുനോക്ക്."

അന്ന് ഉച്ചകഴിഞ്ഞപ്പോഴേക്കും പെയിന്റിങ് പൂർത്തിയാക്കി. സിൻഡ്രലയ്ക്ക് പ്രത്യേകമായ ശ്രദ്ധ ലഭിക്കത്തക്ക നിറങ്ങൾ നൽകി. മനസ്സിൽ കണ്ടതെല്ലാം കാൻവാസിലേക്ക് പരമാവധി ആവാഹിച്ചുകഴിഞ്ഞുവെന്ന് തോന്നി. എന്റെ ആഗ്രഹത്തിനൊത്ത് ഇടതു കാലിലെ ബ്രഷ് വഴങ്ങി. ചിത്രത്തിലേക്ക് വീണ്ടും വീണ്ടും നോക്കി. ഇനി ചായംകൊണ്ടൊന്നു തൊടുകപോലും വേണ്ട. സംതൃപ്തിയോടെ, ചെറിയ ഒരു തളർച്ചയോടെ നിലത്തിരുന്ന ഞാൻ ഡെലയുടെ ശബ്ദം കേട്ടു. അമ്മ അവളോട് പെയിന്റിങ് മത്സരത്തെക്കുറിച്ചും ഞാൻ അതിൽ പങ്കെടുക്കാൻ ശ്രമിക്കുന്നതിനെക്കുറിച്ചുമൊക്കെ പറയുന്നുണ്ടായിരുന്നു. പക്ഷേ, അതിൽ ആഹ്ലാദത്തിന്റെ അനുരണനങ്ങളെക്കാൾ സഹതാപത്തിന്റെ അംശമുണ്ടായിരുന്നുവോ!

ചിത്രം പൂർത്തിയാക്കിയെങ്കിലും മത്സരത്തിൽ പങ്കെടുക്കാൻ ആ ചിത്രം അയയ്ക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചതേയില്ല. പക്ഷേ, ഡെലയുടെ വാക്കുകൾ എനിക്ക് ബലംനൽകി.

"ചിത്രം തീർച്ചയായും മത്സരത്തിനയയ്ക്കണം" - അവൾ പറഞ്ഞു. അവളുടെ തീരുമാനം എനിക്ക് അന്തിമമായിരുന്നു. പിന്നെ വൈകിയില്ല. ഞാൻ ചിത്രത്തിൽ ചില മിനുക്കുപണികൾകൂടി നടത്തി. അത് പത്രത്തിലേക്കയയ്ക്കാൻ അമ്മയെ ഏൽപ്പിച്ചു.

ഓ ! അതൊക്കെ വെറുതെ സമയം മെനക്കെടുത്തൽ ആയിരിക്കും. എനിക്ക് എവിടെ സമ്മാനം കിട്ടാൻ. ഇല്ല. അതൊന്നുമുണ്ടാവില്ല. ഡെലയ്ക്കുവേണ്ടി ഞാൻ വരച്ചു, അത്രമാത്രം.

ആ വെള്ളിയാഴ്ച ആരോ കതകിനു മുട്ടി. അമ്മ തുണി അലക്കുകയായിരുന്നു. ഞാൻ അടുക്കളയിലെ ഉയർന്ന ഒരു വട്ടമേശയിലിരുന്ന് പെയിന്റ് ചെയ്യുകയായിരുന്നു. അത് പതിവില്ലാത്തതാണ്. അമ്മ കൈയിൽ സോപ്പുപതയുമായെത്തി ആരാണ് വന്നതെന്ന് അന്വേഷിച്ചു.

വന്നത് പത്രത്തിലെ ഒരു റിപ്പോർട്ടറും ഫോട്ടോഗ്രാഫറുമായിരുന്നു. ഞാൻ എന്റെ വളഞ്ഞൊടിഞ്ഞിരുന്നുള്ള പെയിന്റിങ് തുടർന്നു.

"അപ്പോൾ അത് സത്യംതന്നെയാണ്." അവരിലൊരാൾ പറയുന്നത് കേട്ടു.

അമ്മയോട് അവർ പലതും ചോദിച്ചറിഞ്ഞു. ഒടുവിൽ, ഞാൻ ഇരുന്ന് പെയിന്റ് ചെയ്യുന്നതിന്റെ ഒരു ഫോട്ടോയുമെടുത്ത് അവർ പോയി. എന്റെ ആദ്യത്തെ ഫോട്ടോഗ്രാഫായിരുന്നു അത്.

അടുത്ത ഞായറാഴ്ച ഞാൻ മുകളിലത്തെ നിലയിലെ സോഫയിൽ സുഖമായിരുന്ന് ദിവാസ്വപ്നം കാണുകയായിരുന്നു. അച്ഛനതാ പടികൾ അതിവേഗത്തിൽ ഓടിക്കയറി വരുന്നു. പടികയറിയ കിതപ്പിനിടയിലും ആ മുഖത്തെ തിളക്കം എനിക്ക് കാണാം. അച്ഛന്റെ കൺതടങ്ങളിൽ പടർന്നിരുന്ന കറുപ്പ് കാണുന്നില്ല.

അച്ഛൻ എന്നെ പൊക്കിയെടുത്ത് ഏതാണ്ട് ഇരിക്കുന്ന അവസ്ഥയിലാക്കി.

"നോക്ക് ! നോക്ക് ! എടാ നീ നേടി, നേടി, നോക്ക്!"

സൺഡേ ഇൻഡിപെൻഡന്റിന്റെ ഒരു കോപ്പിയുടെ മധ്യപേജ് അച്ഛൻ എന്റെ മുഖത്തിനു മുന്നിൽ നിവർത്തിക്കാണിച്ചു.

അത് സത്യമായിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച അവരെടുത്ത എന്റെ ഫോട്ടോഗ്രാഫ്. ഷോർട്ട് ട്രൗസറിട്ട ഒരു ചെറിയ കുട്ടി. അവന്റെ മെലിഞ്ഞ കാലുകൾ അരയ്ക്കു താഴെ പിണഞ്ഞുകിടക്കുന്നു. ചലനശേഷിയില്ലാത്ത കൈകൾ ശരീരത്തിന്റെ ഇരുവശത്തും പിണഞ്ഞ് ഒട്ടിനിൽക്കുന്നു.

അച്ഛനെന്നെ താഴത്തെ നിലയിൽ എല്ലാവരുമിരിക്കുന്നിടത്തേക്ക് എടുത്തുകൊണ്ടു വന്നു. എന്റെ വിജയത്തെക്കുറിച്ച് ആഹ്ലാദത്തോടെ സംസാരിച്ചുകൊണ്ടിരുന്നവർ പെട്ടെന്ന് നിശ്ശബ്ദരായി. പിന്നെ ആഹ്ലാദത്തിന്റെ കൈയടി ഉയർന്നു. അമ്മ കൈയിലിരുന്ന കാപ്പിപ്പാത്രം നിലത്തിട്ട് ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ചു. കരച്ചിലും ചിരിയും ചേർന്ന ശബ്ദത്തിൽ "മോനേ..." എന്ന വിളിയോടെ തെരുതെരെ ഇരുകവിളുകളിലും ഉമ്മവച്ചു. അല്പമകലെനിന്ന് തൃപ്തിയോടെ എല്ലാം നോക്കിക്കണ്ട് കണ്ണു നിറയ്ക്കുന്ന ഡെലയുടെ നേർക്ക് ഓടിച്ചെന്ന് നന്ദി പറയാൻ എനിക്കു കഴിയുന്നില്ലല്ലോ!

**മൈ ലെഫ്റ്റ് ഫൂട്ട്**
**[ക്രിസ്റ്റി ബ്രൗൺ]**

(സ്വതന്ത്രവിവർത്തനം)

## വായിക്കാം കണ്ടെത്താം

- "എന്റെ ഹൃദയതാളം ഉയരുന്നത് ആദ്യമായി ഞാൻ കേട്ടു" - എപ്പോഴാണ് ഹൃദയതാളം ഉയർന്നത്?
- സൺഡേ ഇൻഡിപെൻഡന്റ് എന്ന പത്രത്തിൽ ഏത് മത്സരത്തെക്കുറിച്ചുള്ള വാർത്തയാണ് ക്രിസ്റ്റി കണ്ടത്?
- "ആ വെള്ളിയാഴ്ച ആരോ കതകിനു മുട്ടി" ആരാണ് വന്നത്? എന്തിനായിരുന്നു അവർ വന്നത്?

## ചർച്ചചെയ്യാം, എഴുതാം

- "നോക്ക്! നോക്ക്! എടാ നീ നേടി, നേടി, നോക്ക്!" ക്രിസ്റ്റിയുടെ അച്ഛന്റെ വാക്കുകളാണിവ. പരിമിതികളിൽനിന്നു സാധ്യതകളിലേക്ക് ഉയർന്നുവന്ന കലാകാരനാണ് ക്രിസ്റ്റി ബ്രൗൺ. അദ്ദേഹത്തിന്റെ ജീവിതം എങ്ങനെയെല്ലാമാണ് നമുക്ക് പ്രചോദനമായിത്തീരുന്നത്? ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഇ-മെയിൽ തയ്യാറാക്കാം



ബാല്യം മുതൽ മസ്കുലർ അട്രോഫി എന്ന രോഗത്തിന്റെ ബുദ്ധിമുട്ട് അനുഭവിച്ച ഒരു കുട്ടിയാണ് ജസ്ഫർ. ശരീരം എൺപതു ശതമാനവും തളർന്ന അവസ്ഥയിൽ ആറാം ക്ലാസിൽവച്ച് പഠനം നിർത്തേണ്ടിവന്നു. ചിത്രകലയിൽ അതീവതൽപരനായ ജസ്ഫർ കൈകൊണ്ട് എടുക്കേണ്ടവ വായകൊണ്ട് എടുത്തേ പറ്റൂ എന്ന ബോധത്താൽ വരയുടെ രംഗത്ത് തന്റേതായ ഒരു ശൈലി വികസിപ്പിച്ചു. തുടർന്ന് രാജ്യത്തിനകത്തും പുറത്തും നിരവധി ചിത്രപ്രദർശനങ്ങളിൽ പങ്കെടുത്ത് അംഗീകാരങ്ങൾ നേടി. പരിസ്ഥിതി - മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ ഇപ്പോഴും സജീവസാന്നിധ്യമാണ്.

കുറിപ്പ് വായിച്ചല്ലോ. അതിജീവനത്തിലൂടെ സാമൂഹികാംഗീകാരം നേടിക്കൊണ്ടിരിക്കുന്ന ജസ്ഫറിനെ അഭിനന്ദിച്ചുകൊണ്ട് ഇ-മെയിൽ സന്ദേശം തയ്യാറാക്കുക.

## അഭിമുഖം നടത്താം

ചിത്രകലാക്യാമ്പിന്റെ ഉദ്ഘാടനത്തിന് സ്കൂളിലെത്തുന്ന പ്രമുഖ ചിത്രകാരനുമായുള്ള അഭിമുഖത്തിന് ഒരു ചോദ്യാവലി തയ്യാറാക്കുക. അഭിമുഖത്തിനുശേഷം റിപ്പോർട്ടും തയ്യാറാക്കുമല്ലോ.

## ക്ലാസ് മാഗസിൻ

കേരളീയ ചിത്രകലകൾ എന്ന വിഷയവുമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുക.

**സൂചനകൾ**

- ഗുഹാചിത്രങ്ങൾ
- അനുഷ്ഠാനചിത്രകല
- ചുമർചിത്രകല
- ആധുനിക ചിത്രകല
-
-
- രാജാരവിവർമ്മ
- ടി.കെ. പത്മിനി
- കെ. സി. എസ്. പണിക്കർ
- ക്ലിന്റ്
-
-

## ലേഖനം തയ്യാറാക്കാം

ഭിന്നശേഷിക്കാരനായ ക്രിസ്റ്റി ബ്രൗൺ ചിത്രകലയിൽ ഉന്നതസ്ഥാനീയനായി മാറിയതിന്റെ സാഹചര്യം ആർക്കും പ്രചോദനമായിത്തീരുന്നതാണല്ലോ. പാഠഭാഗത്തെക്കൂടി അടിസ്ഥാനമാക്കി 'അതിജീവനം കലകളിലൂടെ' എന്ന വിഷയത്തിൽ ലേഖനം തയ്യാറാക്കുക.

പ്രകൃതി ഒരു ചിത്രശാലയാണ്. നാനാവർണ്ണങ്ങൾ ചാലിച്ചുചേർത്ത് സർവജീവജാലങ്ങളും ഇവിടെ ചിത്രവിരുന്നൊരുക്കുകയാണ്.

# ചിത്രശലഭങ്ങൾ

രണ്ടു കൈയിലും ചിത്രങ്ങൾ പിടിച്ച് പറന്നുനടക്കുന്ന
ചിത്രകാരന്മാരും ചിത്രകാരികളുമാണ് ചിത്രശലഭങ്ങൾ.
ഭൂമിയിൽ ചിത്രങ്ങളില്ലാതിരുന്ന കാലത്തേ അവ
ആളുകളെ ചിത്രങ്ങൾ കൊണ്ടുനടന്നു കാണിച്ചു.
പിന്നീട് ഗുഹാചിത്രങ്ങളും ചുമർചിത്രങ്ങളും
കാൻവാസ്ചിത്രങ്ങളും വന്നു.
അല്പായുസ്സുകളായ ചിത്രശലഭങ്ങൾ ചിത്രങ്ങളുമായി
പറന്നുനടന്നു.







പുഴുക്കളായി കഴിഞ്ഞകാലത്ത് അവ
കൈയിൽ ചിത്രങ്ങളില്ലാതെ കഴിഞ്ഞു;
പുഴുക്കളുമാണ്, ചിത്രച്ചിറകുകളുമാണ്.
വൈരൂപ്യവും സൗന്ദര്യവും കൂട്ടിക്കെട്ടി
വൈരൂപ്യത്തെയും സൗന്ദര്യമാക്കുന്നവരാണ്.

പറന്നുനടക്കുന്ന ചിത്രശലഭങ്ങൾക്കു പിമ്പേ
മനുഷ്യരുടെ ബാല്യകാലം രണ്ടുചിത്രങ്ങളും
പിടിച്ചുകൊണ്ട് പറക്കുന്നു!
മനുഷ്യർ വലുതാകുമ്പോൾ ചിറകുകൾ കൊഴിയുന്നു,
ശേഷം പുഴുവായി ഇഴഞ്ഞുനടക്കുന്നു.



ചന്ദ്രനോടൊപ്പം
[എസ്. ജോസഫ്]

## കണ്ടെത്താം പറയാം

- ചിത്രശലഭങ്ങളെ കവി ആരായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്?
- ഏതു കാലത്താണ് അവർ കൈയിൽ ചിത്രങ്ങളില്ലാതെ കഴിഞ്ഞത്?
- മനുഷ്യർ വലുതാകുമ്പോൾ എന്തു സംഭവിക്കുന്നുവെന്നാണ് കവി പറയുന്നത്?

## ചർച്ചചെയ്യാം എഴുതാം

- "രണ്ടു കൈയിലും ചിത്രങ്ങൾ പിടിച്ച് പറന്നുനടക്കുന്ന ചിത്രകാരന്മാരും ചിത്രകാരികളുമാണ് ചിത്രശലഭങ്ങൾ"എന്നു പറയാൻ കാരണമെന്ത്?

- "വൈരൂപ്യവും സൗന്ദര്യവും കൂട്ടിക്കെട്ടിയതാണ് ചിത്രശലഭങ്ങളുടെ ജീവിതം." ഇതുകൊണ്ടർഥമാക്കുന്നതെന്ത്?
- ചിത്രശലഭങ്ങളുടെ ജീവിതവും മനുഷ്യന്റെ ജീവിതവും ഒന്നുതന്നെയാണ്. ഇതിനെ സമർഥിക്കാൻ കവിതയിൽ കാണുന്ന തെളിവുകളെന്തെല്ലാം?

## തിയേറ്റർ സ്കെച്ച്



'മനസ്സിലെ കിളി' എന്ന കഥയും അതിലെ പ്രധാന കഥാപാത്രമായ പിക്‌ലുവും ഓർമ്മയിലുണ്ടാകുമല്ലോ. ആ കഥയിലെ ചില സന്ദർഭങ്ങളാണ് ചിത്രരൂപത്തിൽ കൊടുത്തിരിക്കുന്നത്. ഈ തിയേറ്റർ സ്കെച്ചുകൾ ഉപയോഗിച്ച് നമുക്ക് നാടകം തയ്യാറാക്കാം. തന്നിട്ടുള്ള സ്കെച്ചുകളിൽ ഉൾപ്പെടാത്ത സന്ദർഭങ്ങൾകൂടി നിങ്ങൾ വരച്ചുചേർക്കുക.

*കൂട്ടായ്മയുടെ കലയാണ് നാടകം. സാമൂഹികാവസ്ഥകളോട് സംവദിച്ചും കലഹിച്ചുമാണ് നാടകത്തിന്റെ വളർച്ച. കേരളത്തിൽ കുട്ടികളുടെ നാടകവേദി സജീവമാണ്. കടലാഴങ്ങളിൽനിന്ന് പുതുവാനങ്ങൾ തേടുന്ന കഥാപാത്രങ്ങൾ...*

# മീനോളം



### ഒന്നാം രംഗം

കടലാണ്. ആഴക്കടൽ. അവിടെ ഒരുപാട് കടൽജീവികൾ, അവർക്കിടയിൽ രണ്ടു കഥാപാത്രങ്ങളാണ് ഒരു കുഞ്ഞുമീനും അതിന്റെ അമ്മയും. കുഞ്ഞുമീൻ ആലോചിക്കുകയാണ്.

അമ്മമീൻ ആലോചനയിലാണ്ട കുഞ്ഞുമീനിനെ ശ്രദ്ധിച്ചുനോക്കുന്നു.

കുഞ്ഞുമീൻ : അമ്മേ

അമ്മ : എന്താ കുഞ്ഞേ?

കുഞ്ഞ് : അമ്മേ, എനിക്ക് കുറേ നാളായി ഒരു സംശയം.

അമ്മ : കുറേ നാളുകളോ? അതിനു നീ മുട്ടേന്ന് വിരിഞ്ഞിട്ടുതന്നെ കുറച്ചു നാളുകളല്ലേ ആയുള്ളൂ.

കുഞ്ഞ് : അമ്മയുടെ കാലമായിരിക്കില്ല എന്റെ കാലം. ഞാൻ ഈ കാണും കടൽപ്പുറ്റ് ഒന്ന് വലംവച്ച് നീന്തിവരുമ്പോളേക്കും അമ്മ പത്തിലേറെ തവണ നീന്തിക്കഴിഞ്ഞിട്ടുണ്ടാകും.

അമ്മ : അല്ലെങ്കിലും നീ അങ്ങനാ. നീ എന്റെ മറ്റു കുഞ്ഞുങ്ങളെപ്പോലെ അല്ലേയല്ല.

കുഞ്ഞ് : അതോ അമ്മേടെ മറ്റുള്ള കുഞ്ഞുങ്ങൾ എന്നെപ്പോലെ അല്ലേയല്ലാ എന്നാണോ?

അമ്മ : വേണ്ടാ വേണ്ടാ. നിന്റെ കുസൃതിച്ചോദ്യം ഒന്നും എന്റെടുത്തു വേണ്ടാ.

കുഞ്ഞ് : അപ്പം എങ്ങനെയാ അമ്മേ അമ്മയോട് എന്റെ സംശയം ചോദിക്ക്യാ? ഞാൻ ചോദ്യം ചോദിച്ച് അതിനുള്ള ഉത്തരം കേട്ട് സംശയം മാറി വിശ്വാസം വന്നാലല്ലേ ചോദ്യത്തിന്റെ വിശുദ്ധത മനസ്സിലാകൂ. എന്നെ വിശ്വസിപ്പിച്ചാൽ ചോദ്യം നല്ലത്. അല്ലെങ്കിൽ ചോദ്യം മലിനം, കുസൃതി, തോന്ന്യാസം.

അമ്മ : അല്ലാ, നീ എന്റെ ഇത്തിരി തലച്ചോറ് പുണ്ണ് ആക്ക്വാണോ കുഞ്ഞൂ?

കുഞ്ഞ് : അല്ല. എന്റെ തലേലെ പുണ്ണ് മാറ്റാൻ നോക്ക്വാ.

അമ്മ : എന്തെങ്കിലും ആയ്ക്കോട്ടോ, നിന്റെ സംശയമാണ് ഇപ്പോളത്തെ പ്രശ്നം.

കുഞ്ഞ് : അതിൽ ഒരു സംശയമില്ല.

അമ്മ : എന്താ നിന്റെ പ്രശ്നം?

കുഞ്ഞ് : എന്താണമ്മേ കടൽ?

അമ്മ : കടലെന്താന്നോ?

കുഞ്ഞ് : അതെ.

അമ്മ : മുട്ടയിട്ടത് കടലിൽ, വിരിഞ്ഞത് കടലിൽ, നീന്തുന്നത് കടലിൽ. എന്നിട്ടും നീ ചോദിക്ക്യാ എന്താണ് കടലെന്ന്? കഷ്ടം.



കുഞ്ഞ് : ആർക്കാണമ്മേ കഷ്ടം. പറഞ്ഞുതാ, എന്താണീ കടൽ?

അമ്മ : കുഞ്ഞേ, ഇതാ ഈ കാണുന്നത് തന്നെയാണ് കടൽ.

കുഞ്ഞ് : അപ്പം കാണാത്തതൊന്നും കടലല്ലേ?

അമ്മ : നീ എന്നെ ഈ കടലിലെ വെള്ളം മുഴുവനും കുടിപ്പിച്ചേ അടങ്ങൂ. അല്ലേ കുഞ്ഞൂ?

കുഞ്ഞ് : പറഞ്ഞുതാ അമ്മേ, എന്താണീ കടലിൽ?

അമ്മ : നിനക്കുത്തരം പറയാൻ എനിക്ക് ഇനിയും ഒരുപാട് പഠിക്കാനുണ്ട്. നാളെ പറഞ്ഞുതരാം.

കുഞ്ഞ് : നാളെ, ഉം, അമ്മേ ഇന്നത്തെ കടലായിരിക്കുമോ നാളെ?

അമ്മ : അയ്യോ അയ്യയ്യോ നീ ഒന്ന് മിണ്ടാതിരിക്ക്വോ?

(കുഞ്ഞിന്റെ ചോദ്യങ്ങളിൽനിന്ന് തൽക്കാലം രക്ഷപ്പെടാൻ അവിടെ നിന്ന് മറ്റൊരു ദിശയിലേക്ക് നീന്തി. അവിടെ കണ്ട മീനുകളോടെല്ലാം രഹസ്യമായി കുഞ്ഞുമീനിന്റെ സംശയങ്ങൾ ചോദിച്ചു. കുശുകുശുക്കലും പിറുപിറുക്കലും. സ്ഥാനത്തും അസ്ഥാനത്തും അമ്മമീനിന്റെ മുഖത്ത് ആശ്ചര്യഭാവങ്ങൾ, നിരാശ, സങ്കടം, ഉദ്വേഗം, ഭീതി അങ്ങനെ അങ്ങനെ. ഒടുവിൽ തളർന്നു നീന്തി കുഞ്ഞിന്റെ പക്കലെത്തി.)

കുഞ്ഞ് : ഉത്തരം കിട്ടിയോ അതോ ഉത്തരം മുട്ടിയോ?

അമ്മ : നിന്റെ സംശയം പലരുമായി പങ്കിട്ടു.

കുഞ്ഞേ, നിന്റെ സംശയം ന്യായമാണെന്ന് അയലക്കൂട്ടം.

ഇത്തരം സംശയങ്ങളെല്ലാം സംശയമെന്യേ അന്യായമെന്ന് ആവോലിക്കൂട്ടം.

നിനക്ക് പിരാന്താണെന്ന് കോരയും ഏട്ടയും.



ഉത്തരം തേടിപ്പോയവർ പണ്ടും ഉണ്ടായിരുന്നുവെന്നു നെത്തോലിക്കൂട്ടം.

അവരാരും തിരിച്ചുവന്നില്ലെന്ന് മുള്ളനും സ്രാവും.

തിരിച്ചുവന്നവരെ കണ്ടവരുണ്ടെന്ന് തിരണ്ടിസംഘം.

അവർക്ക് മിണ്ടാട്ടമില്ലെന്നു നെന്മീനും ചെമ്മീനും.

മീനുകളെമ്പാടും ഉണ്ടേ ഈ കടലിലും.

ഈ കടലിൽ എത്തും പുഴയിലും കായലിലും.

കേട്ടറിവുള്ള കുളത്തിലും കിണറ്റിലും തടാകത്തിലും തോട്ടിലും ഉണ്ടത്രേ തരാതരം മീനുകൾ.



കുഞ്ഞ് : അതുമിതും പറഞ്ഞമ്മ വിഷയം മാറ്റല്ലേ.
കടലെന്താന്നു പറഞ്ഞുതാ എന്റമ്മേ.

അമ്മ : അമ്മയ്ക്കറിവൊട്ടുമില്ലെന്നറിയാം.
കണ്ടമാനം കാണാത്ത മാനങ്ങളുണ്ടെന്നുമറിയാം
ഇതെല്ലാം കടലാണെന്നും നമ്മൾ കടലിലാണെന്നും
നമുക്കുള്ളിലും കടലാണെന്നുമറിയാം.
ഇപ്പറഞ്ഞത് നിനക്കിനിയും ബോധിച്ചില്ലെങ്കിൽ
നീ തന്നേ പോണം. ഉത്തരമില്ലാക്കടലിനുത്തരം തേടി.

കുഞ്ഞ് : അമ്മയും ഒപ്പരം വരുമോ?

അമ്മ : അമ്മയ്ക്ക് ഈ ഇടം വിട്ട് നിന്റെ ഒപ്പരം വരാനാവില്ല.
മക്കള് വേറെയുമില്ലേ എനിക്ക്. അവരെയെല്ലാം കാക്കണ്ടേ...
ഓരോ വഴിക്കാക്കണ്ടേ... കുഞ്ഞേ, നീ ഒറ്റയ്ക്ക് പോയിട്ടുവാ.

ഉത്തരം തേടിയിട്ടൊടുവിൽ
നീ നേടി വന്നാലും നിന്നെയീ അമ്മ ഉമ്മവയ്ക്കും.
നേടാതെ വന്നാലും ഉമ്മവയ്ക്കും.
ഉത്തരമിനി മണ്ടത്തരമാണെന്നാകിലും
അമ്മേടെ മണ്ടേൽ കേറാത്തരമാണെങ്കിലും
കുഞ്ഞേ, നിന്നെച്ചൊല്ലി പെരുത്തഭിമാനമുണ്ടമ്മയ്ക്ക്.
ചോദ്യമില്ലെങ്കിൽ ആദിമധ്യാന്തത്തിലൊതുങ്ങില്ലേ വർത്തമാനം,
ഭാവിയിലും കടൽ ഇതൊക്കെത്തന്നെയാണെന്നുറപ്പാണെങ്കിൽ
ഒടുങ്ങില്ലേ ഈ കടലും കടലിനുള്ളിലുള്ള സകലതും.
ഇക്ഷണം നേരറിയാൻ നേരമായി.

വെറും വർത്തമാനം നിറുത്താനും നേരമായി. പോയ്‌വരൂ പോയ്‌വരൂ അമ്മേടെ പുന്നാരേ...

തളരാതെ ഒഴുക്കിനെതിരെ നീന്തിവരൂ കുഞ്ഞേ...

(കുഞ്ഞ് നീന്തിനീന്തി അകന്നുപോയി. അമ്മ വിരഹവേദനയാലോ ആനന്ദാതിരേകത്താലോ കണ്ണീർ വാർത്തത് കടലിലായതിനാൽ നമ്മൾ കണ്ടില്ല; മീൻകുഞ്ഞും.)

## രണ്ടാം രംഗം

ആദ്യരംഗം തന്നെ. പോയി തിരിച്ചുവന്ന മീൻ വലുതായിരിക്കുന്നു. അമ്മമീനിനു വയസ്സുമായി. പ്രായാധിക്യംകൊണ്ട് ശരീരം ശോഷിച്ചിരിക്കുന്നു.

അമ്മ : ആരാ?

കുഞ്ഞ് : ഞാനാ.

അമ്മ : കുഞ്ഞേ, ഉത്തരം കണ്ടോ നീയ്?

കുഞ്ഞ് : ആദ്യം കടലായ കടലൊക്കെ നീന്തി നീന്തി അറ്റം കാണാതെ വലഞ്ഞു തളർന്നുപോയപ്പോൾ കടലിനടിയിൽ എത്തി. തറയ്ക്കു കുറുകെ നീന്തിയപ്പോൾ തുടങ്ങിയേടത്തുതന്നെ എത്തി. എവിടെയും എത്തില്ലെന്നും എത്താനില്ലെന്നും തോന്നി. പിന്നെ നെടുങ്ങനെ നീന്തി. അപ്പോൾ ഉത്തരം മുട്ടുമെന്നു തോന്നിയനേരം മുറിച്ചു വെളിയിലെത്തി.

അമ്മ : കടലിനു വെളിയിലോ!

കുഞ്ഞ് : അതെ

അമ്മ : കടലിനുമപ്പുറത്ത് !

കുഞ്ഞ് : അതെ.

അമ്മ : എന്നിട്ട് എന്തു കണ്ടു?

കുഞ്ഞ് : മാനം കണ്ടു.

അമ്മ : മാനം?

കുഞ്ഞ് : അതെ.

അമ്മ : കണ്ടമാനം?

കുഞ്ഞ് : അതെ കടൽ മൊത്തം മൂടുന്ന മാനം.

നമ്മളാരും ഇന്നേവരെ കാണാത്ത മാനം.



മറ്റൊരു പഞ്ഞിക്കടൽ പാറിപ്പറക്കണ മാനം.

മിന്നും താരകമീനുകളുള്ള മാനം.

പക്ഷേ, അമ്മേ.. ഇത്തിരി നേരമേ അവിടം കഴിയാൻ കഴിഞ്ഞുള്ളൂ. അപ്പോഴേക്കും എനിക്ക് ശ്വാസം മുട്ടി. ഉള്ളനേരം കൊണ്ട് ചില നേരുരുത്തിരിഞ്ഞു. ഉള്ളതിന് ആഴമെന്നപോൽ പരപ്പുമുണ്ടെന്നറിഞ്ഞു. കടലുൾക്കൊള്ളാൻ കടപ്പുറമുണ്ടെന്നറിഞ്ഞു. എന്നിട്ടും, ഞാനറിഞ്ഞ കടലിനും മാറ്റമതേതുമില്ല. ഇതറിഞ്ഞ എന്നിലും മാറ്റമതേതുമില്ല. എന്നാലും അറിവായ അറിവെല്ലാം ഇപ്പോഴും എപ്പോഴും മാറിക്കൊണ്ടേയിരിക്കുമമ്മേ.

(കുഞ്ഞിനു കടലിനു പുറത്ത് അനുഭവപ്പെട്ട ശ്വാസംമുട്ടൽ കടലിനടിയിൽ തന്നെ അമ്മയ്ക്ക് അനുഭവപ്പെട്ടു. അമ്മയുടെ ശരീരം മേലോട്ട് പൊന്തി. പൊന്തിക്കൊണ്ടിരിക്കുമ്പോൾ അമ്മ പറഞ്ഞു:)

അമ്മ : ഇന്നേരം കുഞ്ഞേ, നിന്നമ്മ നീ അറിഞ്ഞ നേര് നേരിൽക്കാണുന്നു.

ഇന്നേവരെ ഞാനായ കള്ളം മെല്ലെമെല്ലെ ഇല്ലാതെയാകുന്നു.

ചാവാൻനേരം ഞാനടക്കമുള്ളതെല്ലാം നേരായിത്തീരുന്നു.

(കുഞ്ഞുമീൻ മേലോട്ട് പൊന്തുന്ന ചത്ത അമ്മമീനിന്റെ, ഗതകാലമോർത്ത് വർത്തമാനത്തിൽ തന്റെ ഭാവി കാണുമ്പോൾ... മീനോളം കളി നിർത്താം.)

**മീനോളം**
**(ജയപ്രകാശ് കുളൂർ)**

## വായിക്കാം കണ്ടെത്താം

- കടൽ എന്താണെന്നതിന് അമ്മ പറയുന്ന മറുപടിയെന്ത്?
- താൻ കണ്ട മാനത്തെക്കുറിച്ച് കുഞ്ഞുമീൻ അമ്മയോട് പറയുന്നത് എന്തെല്ലാം?

## ചർച്ചചെയ്യാം എഴുതാം

"ഉത്തരം തേടിയിട്ടൊടുവിൽ നീ നേടി വന്നാലും നിന്നെയീ അമ്മ ഉമ്മവയ്ക്കും, നേടാതെ വന്നാലും ഉമ്മവയ്ക്കും"–

ഉത്തരംതേടി യാത്രയാവുന്ന കുഞ്ഞുമീനിനോട് അമ്മ പറഞ്ഞത് ശ്രദ്ധിച്ചല്ലോ. ഈ വാക്കുകൾ കുഞ്ഞുമീനിന് എപ്രകാരമാണ് അനുഭവപ്പെട്ടിട്ടുണ്ടാവുക? ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## അഭിപ്രായക്കുറിപ്പ് തയ്യാറാക്കാം

"അറിവായ അറിവെല്ലാം ഇപ്പോഴും എപ്പോഴും മാറിക്കൊണ്ടേയിരിക്കുമമ്മേ"- മാറുന്ന ലോകത്തിൽ കുഞ്ഞുമീനിന്റെ ഈ അഭിപ്രായത്തിനുള്ള പ്രസക്തിയെന്ത്? നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക.

## വിശകലനക്കുറിപ്പ് തയ്യാറാക്കാം

"ഇന്നത്തെ കടലായിരിക്കുമോ നാളെ" എന്ന കുഞ്ഞുമീനിന്റെ ചോദ്യത്തിന് വിവിധ കൂട്ടങ്ങളിൽനിന്ന് അമ്മയ്ക്ക് കിട്ടിയ ഉത്തരങ്ങൾ വ്യത്യസ്തമായിരുന്നു. എന്താവാം അതിനു കാരണം? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

## കഥാപാത്രനിരൂപണം എഴുതാം

ഈ നാടകത്തിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ആരാണ്? ഇഷ്ടപ്പെടാൻ എന്താണ് കാരണം? സവിശേഷതകൾ വിശദീകരിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

## പദങ്ങൾ ചേർക്കാം പിരിക്കാം

ഉത്തരം തേടിപ്പോയവർ പണ്ടും ഉണ്ടായിരുന്നുവെന്നു നെത്തോലിക്കൂട്ടം.

അവരാരും തിരിച്ചുവന്നില്ലെന്ന് മുള്ളനും സ്രാവും.

തിരിച്ചുവന്നവരെ കണ്ടവരുണ്ടെന്ന് തിരണ്ടിസംഘം.

അവർക്ക് മിണ്ടാട്ടമില്ലെന്നു നെന്മീനും ചെമ്മീനും.

ഈ വാക്യങ്ങളിലെ അടിവരയിട്ട ചില പദങ്ങൾ മാറ്റിയെഴുതിയിരിക്കുന്നത് ശ്രദ്ധിക്കൂ.

ഉത്തരം തേടി പോയവർ പണ്ടും ഉണ്ടായിരുന്നു എന്ന് നെത്തോലി കൂട്ടം.

അവരാരും തിരിച്ച് വന്നില്ല എന്ന് മുള്ളനും സ്രാവും.

തിരിച്ചുവന്നവരെ കണ്ടവർ ഉണ്ട് എന്ന് തിരണ്ടിസംഘം.

അവർക്ക് മിണ്ടാട്ടം ഇല്ല എന്ന് നെന്മീനും ചെമ്മീനും.

പദങ്ങൾ പിരിച്ചെഴുതുമ്പോഴും ചേർത്തെഴുതുമ്പോഴും വാക്യങ്ങളിൽ എന്തു മാറ്റമാണ് ഉണ്ടായിട്ടുള്ളത്? ചർച്ചചെയ്യുക.

പാഠഭാഗത്തുനിന്ന് ഇതുപോലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി പിരിച്ചെഴുതുക.

## സചിത്രനിഘണ്ടു

കേരളത്തിലെ ചില പ്രമുഖ കലാരൂപങ്ങൾ പരിചയപ്പെടാം.

### കാക്കാരിശ്ശി നാടകം



കേരളത്തിൽ വളരെ പ്രചാരമുള്ള നാടോടി കലാരൂപമാണ് കാക്കാരിശ്ശി നാടകം. കാക്കാലനും കാക്കാത്തിമാരുമാണ് മുഖ്യ കഥാപാത്രങ്ങൾ. സാമൂഹികപ്രശ്നങ്ങളെ പ്രതിഫലിപ്പിക്കുകയാണ് ലക്ഷ്യം. ആക്ഷേപഹാസ്യവും ഫലിതവും ഉൾക്കൊള്ളുന്ന കലാരൂപമാണിത്.

### ചവിട്ടുനാടകം

ആദ്യവസാനം സംഗീതാത്മകമായ നൃത്തനാടകമാണ് ചവിട്ടുനാടകം. അഭിനേതാക്കൾ ഭാവമുൾക്കൊണ്ട് പാടി അഭിനയിക്കുന്നു. കലാപരമായി വളരെ മേന്മയുള്ളവയാണ് ചവിട്ടുനാടകത്തിലെ വേഷങ്ങൾ.



### ഒപ്പന



മലബാറിലെ മുസ്ലീങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള കലാരൂപമാണ് ഒപ്പന. കല്യാണം, മൈലാഞ്ചിയിടൽ തുടങ്ങിയ വിശേഷാവസരങ്ങളിലാണ് ഒപ്പന അവതരിപ്പിക്കുന്നത്. കല്യാണനാളിൽ മണവാട്ടിയെ അണിയിച്ചൊരുക്കി തോഴിമാരും ബന്ധുക്കളായ മറ്റു സ്ത്രീകളും ചേർന്ന് കല്യാണപ്പന്തലിലേക്ക് ആനയിക്കുന്നു. അവിടെ ഒരു പീഠത്തിൽ മണവാട്ടിയെ ഇരുത്തുന്നു. തോഴിമാർ പാട്ടുപാടി കൈകൊട്ടിക്കളിക്കുന്നു.

ഇതുപോലെ കൂടുതൽ കലാരൂപങ്ങളെക്കുറിച്ച് ലഘുവിവരണം ഉൾപ്പെടുത്തി സചിത്രനിഘണ്ടു തയ്യാറാക്കുക.

## അരങ്ങിൽ തിളങ്ങാം

'മീനോളം' നാടകം ക്ലാസിൽ അവതരിപ്പിക്കുക, തുടർന്ന് ആവശ്യമായ അരങ്ങുസാമഗ്രികൾ ഒരുക്കി കൂടുതൽ തയ്യാറെടുപ്പോടെ വിദ്യാരംഗം കലാസാഹിത്യവേദിയുടെ പരിപാടിയിൽ അവതരിപ്പിക്കുക.

- സംഘചർച്ച
- അഭിനേതാക്കളെ കണ്ടെത്തൽ
- നാടകപരിശീലനം
- പിന്നണി - പശ്ചാത്തലസംഗീതം ഒരുക്കൽ
- നാടകാവതരണം

ഈ പരിപാടിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നോട്ടീസ്, പോസ്റ്റർ എന്നിവ തയ്യാറാക്കുക.

## ചുമർപത്രിക / ഡിജിറ്റൽ മാഗസിൻ

കേരളത്തിലെ നാടൻദൃശ്യകലകൾ, ചിത്രകല എന്നിവയുമായി ബന്ധപ്പെട്ട് ഒരു ചുമർപത്രിക തയ്യാറാക്കുക. അതോടൊപ്പം സ്കൂൾവിക്കിയിലേക്ക് ഡിജിറ്റൽ മാഗസിനും തയ്യാറാക്കുമല്ലോ.

## ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാം





പ്രശസ്ത ചിത്രകാരനും ശില്പിയുമായ ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ജനപ്രിയ വരകളാണിവ. അദ്ദേഹത്തെക്കുറിച്ചുള്ള ചില സൂചനകൾ നോക്കൂ.

- ചിത്രകലയിലെ മഹാപ്രതിഭ
- വര, ഛായാചിത്രം, ശില്പകല എന്നിവയിൽ ശ്രദ്ധേയൻ
-
-

കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. ജീവചരിത്രക്കുറിപ്പ് ഡിജിറ്റലായി തയ്യാറാക്കുമ്പോൾ നമ്പൂതിരി വരച്ച ചിത്രങ്ങളും ഉൾപ്പെടുത്തുമല്ലോ.

# 5

# ചെറുതിരയിൽ തെളിയും വലിയൊരു ലോകം




- മുകളിൽ നൽകിയിരിക്കുന്ന കൊളാഷിനെ വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.

*വിവിധ കലകളുടെയും സാങ്കേതികവിദ്യയുടെയും സംയോജനമായ സിനിമ ശക്തമായ ഒരു ദൃശ്യകലാമാധ്യമമാണ്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട നിരവധി സന്ദേശങ്ങൾ സിനിമയിലൂടെ വിനിമയം ചെയ്യപ്പെടുന്നുണ്ട്.*

# പെയ്തുതീരാത്ത സ്വപ്നംപോലെ



മജീദ് മജീദി സംവിധാനംചെയ്ത 'സ്വർഗത്തിലെ കുട്ടികൾ' (CHILDREN OF HEAVEN) ഒരു പക്ഷേ, കേരളത്തിൽ അങ്ങോളമിങ്ങോളം ഏറ്റവും കൂടുതൽ പ്രദർശിപ്പിച്ചിട്ടുള്ള ഇറാനിയൻ സിനിമയായിരിക്കും. ചലച്ചിത്രോത്സവങ്ങളിലും മുതിർന്നവരുടെയും കുട്ടികളുടെയും ചലച്ചിത്രപഠന ക്ലാസുകളിലും നിരവധി തവണ പ്രദർശിപ്പിച്ചിട്ടുള്ള ഈ സിനിമ ജീവിതത്തിന്റെ ദുരിതവൃത്തങ്ങളുടെ നരകങ്ങളിൽനിന്ന് ആഹ്ലാദത്തിന്റെയും പ്രതീക്ഷയുടെയും സ്വർഗങ്ങളിലേക്ക് എങ്ങനെയാണ് കുട്ടികൾ സഞ്ചരിക്കുന്നതെന്ന് നമ്മെ ബോധ്യപ്പെടുത്തും.

വളരെ ദരിദ്രമായ ഒരു കുടുംബത്തിലെ ഒമ്പതു വയസ്സുള്ള അലി എന്ന ആൺകുട്ടിയെയും അവന്റെ ഇളയ സഹോദരി സാറയെയും കേന്ദ്രകഥാപാത്രങ്ങളാക്കിക്കൊണ്ടാണ് അപൂർവമായ ഒരു കാഴ്ചാനുഭവമായി മാറുന്ന ഈ സിനിമ വികസിക്കുന്നത്. ഒരുപക്ഷേ, ഇതിന്റെ കഥ കേൾക്കുമ്പോൾ വളരെ സാധാരണമായ ഒന്നാണല്ലോ എന്ന് നമുക്ക് തോന്നാം. പക്ഷേ, ഒരു സാധാരണ കഥയെ എങ്ങനെയാണ് അപൂർവവും അസാധാരണവുമായ ഒരനുഭവമായി ദൃശ്യവൽക്കരിക്കുന്നതെന്ന് ഈ സിനിമ നമ്മെ



ബോധ്യപ്പെടുത്തും. സാറയുടെ കീറിപ്പോയ ഷൂസ് തുന്നിച്ചു കൊണ്ടുവരുന്ന വഴി അലിയുടെ പക്കൽനിന്ന് അത് നഷ്ടപ്പെടുന്നിടത്താണ് സിനിമ ആരംഭിക്കുന്നത്. ഒരു പഴക്കടയിൽ കുട്ടകൾ മറിഞ്ഞുവീഴുന്നതിനിടയിൽ അതിന്റെ അടിയിലെവിടെയോ ഷൂസുകൾ നഷ്ടമാകുന്നു. കടക്കാരനെ പേടിച്ച് ഷൂസുപേക്ഷിച്ച് അലി ഓടുന്നതോടെയാണ് അവ എന്നെന്നേയ്ക്കുമായി നഷ്ടമാകുന്നത്. ഷൂസ് നഷ്ടമായ വിവരം അവൻ ബാപ്പയെയും ഉമ്മയെയും അറിയിക്കുന്നതേയില്ല. പുതിയതൊന്ന് വാങ്ങാനാവാത്ത വിധത്തിൽ അയാൾ അതിദാരിദ്ര്യത്തിലാണെന്ന് അവനറിയാം. അവന് അടി കിട്ടുമെന്ന് കരുതി സഹോദരിയും ആ വിവരം ഒളിച്ചുവച്ചു. അവൾക്ക് സ്കൂളിൽ പോകാനുള്ള ഷൂസാണിത്. അവന്റെ ഷൂസുകൾ അവനവൾക്ക് നൽകി. അവൾക്ക് ഉച്ചയ്ക്കു മുമ്പും അവന് ഉച്ചയ്ക്കു ശേഷവുമാണ് ക്ലാസ്. കുറച്ച് അയവുള്ള ആ ഷൂസുമിട്ട് അനിയത്തി സ്കൂളിൽനിന്ന് വരുന്നതും കാത്ത് അലി ഒരുങ്ങിയിരിക്കും. അവളുടെ കാലിൽനിന്ന് ഷൂസൂരിയെടുത്തിട്ട് വേണം അവനതിട്ടുകൊണ്ടു പോകാൻ. പിന്നെ അവൻ ഒരോട്ടമാണ്. എന്നാലും അവൻ സ്കൂളിലെത്തുമ്പോൾ എന്നും വളരെ താമസിക്കും. പ്രിൻസിപ്പലിന്റെ ശിക്ഷയൊക്കെ അവൻ ഏറ്റുവാങ്ങിക്കൊണ്ടിരുന്നു. അതിനിടയിലാണ് കുട്ടികളുടെ ഒരു ഓട്ടമത്സരത്തിന്റെ വിവരം അറിയുന്നത്. അതിൽ മൂന്നാംസമ്മാനം ഒരു ജോടി ഷൂസാണ്. അതോടെ അവൻ അധ്യാപകന്റെ പിറകെ നടന്ന് യാചിച്ച് സ്കൂൾടീമിൽ അംഗമായി. ഓട്ടത്തിൽ മൂന്നാം സ്ഥാനത്തെത്താനാണവൻ ആഗ്രഹിച്ചതെങ്കിലും അവസാന കുതിപ്പിൽ അവൻ എങ്ങനെയോ ഒന്നാമതായി. ഷൂസില്ലാതെ നിരാശനായി വീട്ടിലെത്തുന്ന അവനെക്കാത്ത് അനിയത്തി ഉറങ്ങാതെയിരിക്കുന്നുണ്ടായിരുന്നു. ദുഃഖിതനായ അലി ഷൂസിനുള്ളിൽ ഞെരുങ്ങി നീരുവന്ന പാദങ്ങൾ ചെറിയ കുളത്തിലെ ജലത്തിൽ മുക്കിവയ്ക്കുന്നു, ചെറുമീനുകൾ അവന്റെ ചുവന്നു വീർത്ത പാദങ്ങളിൽ അപ്പോൾ മുത്തമിട്ടു. മനസ്സിൽ ഒരു വേദന അവശേഷിപ്പിച്ചുകൊണ്ട് സിനിമ അവസാനിക്കുകയാണ്.

* * * * * *

രോഗിയായ ഭാര്യ, മൂന്നുകുട്ടികൾ, ജീവിക്കാൻ മതിയായ വരുമാനം ലഭിക്കാത്ത ഒരു ജോലി. ഈ അവസ്ഥയിൽ ഉരുകിയൊലിക്കുമ്പോഴും ചില മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന കുടുംബനാഥൻ. പിതാവിന്റെ ദാരിദ്ര്യവും ദൈന്യവും അറിഞ്ഞു ജീവിക്കുന്ന കുട്ടികൾ. സ്കൂളിൽനിന്നൊരിക്കൽ തിരിച്ചോടിവരുമ്പോൾ തെരുവിലെ ഓടയിൽ സാറയുടെ ഷൂസ് വീണുപോകുന്നുണ്ട്. ഒഴുകിപ്പോകുന്ന ഷൂസിന്റെ പിറകെ നിലവിളിച്ചോടുന്ന നിസ്സഹായയായ അവളുടെ ദൃശ്യം ഏറെ സങ്കടകരമാണ്. ഒരു വൃദ്ധൻ അവൾക്ക് അത് എടുത്തുകൊടുക്കുന്നുണ്ട്. നനഞ്ഞ ഷൂസുമായി ഓടി ചേട്ടന്റെ അടുത്തെത്തുമ്പോഴേക്കും

താമസിച്ചതിനുള്ള അവന്റെ കുറ്റപ്പെടുത്തലിൽ അവൾ കരഞ്ഞുപോകുന്നുണ്ട്. സങ്കടംകൊണ്ടും ദേഷ്യംകൊണ്ടും പൊട്ടിത്തെറിച്ച അവൾ, ഷൂസ് നഷ്ടപ്പെട്ട വിവരം പിതാവിനോട് പറയുമെന്ന് പറയുന്നു. അപ്പോൾ അലി പറയുന്നത് ഇങ്ങനെയാണ് : "നീ പറഞ്ഞോളൂ, എനിക്ക് അടി കിട്ടുമെന്ന് പേടിച്ചല്ല ഞാനിതുവരെ ഈ വിവരം ബാപ്പയോട് പറയാത്തത്, പുതിയ ഒരെണ്ണം വാങ്ങിച്ചു തരാൻ അദ്ദേഹത്തിനെക്കൊണ്ടാവില്ല. ആ ദുഃഖം എന്തിന് അദ്ദേഹം സഹിക്കണം എന്ന് കരുതിയാണ്. നിനക്ക് വീട്ടിലെ സ്ഥിതി അറിഞ്ഞുകൂടേ?"

സാറ ജീവിതത്തിന്റെ ഒരു പാഠം കൂടി പഠിക്കുകയായിരുന്നു. അവൾ നിശ്ശബ്ദയായി. രണ്ടു കുട്ടികളുടെയും സ്കൂളിലേക്കുള്ള ഓട്ടവും തിരിച്ചുള്ള ഓട്ടവുംകൊണ്ട് സൃഷ്ടിച്ചിട്ടുള്ള വൈകാരികതയുടെ ചില ദൃശ്യങ്ങൾ അപൂർവാനുഭവങ്ങളാണ്. ഒരിക്കൽ സാറ തന്റെ നഷ്ടപ്പെട്ട ഷൂസ് അവളുടെ ക്ലാസിലെ മറ്റൊരു പെൺകുട്ടിയുടെ കാലിൽ കണ്ടു. ഈ വിവരം സാറ അലിയോട് പറയുമ്പോൾ അവൻ പറയുന്നത് ഇങ്ങനെയാണ്; "മറ്റു കുട്ടികൾ ആരും അറിയരുത്. അത് അവൾക്ക് മാനക്കേടുണ്ടാക്കും". "നമുക്ക് നോക്കാം" അലിയും സാറയും കൂടി ആ പെൺകുട്ടിയെ അനുധാവനം ചെയ്ത് അവളുടെ വീട് കണ്ടുപിടിക്കുന്ന ഒരു രംഗം നമ്മുടെയുള്ളിൽ കരച്ചിലിന്റെയോ ആഹ്ലാദത്തിന്റെയോ തരംഗങ്ങൾ ഉയർത്തുന്നതാണ്. അവർ കണ്ടെത്തുന്ന സത്യം കൂടുതൽ ദുഃഖകരമായ മറ്റൊരു ജീവിതാവസ്ഥയുടെ നിലവിളിയാണ്. ആ കുട്ടിയുടെ പിതാവ് അന്ധനായ ഒരു യാചകനാണ്. അയാൾക്ക്, ചപ്പുചവറുകളിടുന്ന സ്ഥലത്തുനിന്നാണ് ഈ ഷൂസുകൾ ലഭിച്ചത്. തങ്ങളുടേതിനേക്കാൾ ദയനീയമായ മറ്റൊരു ജീവിതാവസ്ഥ കാണുമ്പോൾ ഈ കുട്ടികൾ അവരുടെ ബുദ്ധിമുട്ടുകൾ മറന്ന് സ്വന്തം ഷൂസ് തിരിച്ചുവാങ്ങാൻ മിനക്കെടാതെ, സഹപാഠിയെ അപമാനിക്കാതെ, ഒന്നും മിണ്ടാതെ തിരിച്ചുപോകുന്ന രംഗം മനുഷ്യരിലുള്ള വിശ്വാസവും നന്മയിലുള്ള പ്രതീക്ഷയും വർധിപ്പിക്കും. സ്വന്തം ജീവിതം കനത്ത മഴയിൽ കുതിർന്ന് വിറയ്ക്കുമ്പോഴും മറ്റ് ജീവിതങ്ങളുടെ സങ്കടക്കെട്ടുകളിൽനിന്ന് പൊഴിയുന്ന കണ്ണീരൊപ്പാൻ ഈ കുട്ടികൾ തയ്യാറാവുന്ന ദൃശ്യങ്ങൾ വളരെ ശക്തമാണ്. ഷൂസിനുവേണ്ടിയുള്ള അവരുടെ തിരച്ചിൽ എവിടെയോ പെയ്തുതീരുന്ന ഒരു സ്വപ്നംപോലെ മാഞ്ഞുപൊയ്ക്കൊണ്ടേയിരിക്കുകയാണ്.

**അതിജീവനത്തിന്റെ ചലച്ചിത്രഭാഷ്യങ്ങൾ**

**(വി. കെ. ജോസഫ്)**

## വായിക്കാം പറയാം

- ഓട്ടമത്സരത്തിൽ അലി മൂന്നാംസ്ഥാനം ആഗ്രഹിക്കാൻ കാരണമെന്ത്?
- "മറ്റു കുട്ടികൾ ആരും അറിയരുത്. അത് അവൾക്ക് മാനക്കേടുണ്ടാക്കും." അലി ഇങ്ങനെ പറയാനിടയായ സാഹചര്യം എന്ത്?

## കാഴ്ചയിലേക്ക്

- 'ചിൽഡ്രൻ ഓഫ് ഹെവൻ' എന്ന ചലച്ചിത്രത്തിൽ നിങ്ങളെ ഏറ്റവുമധികം സ്വാധീനിച്ച ഒരു രംഗം വിശകലനം ചെയ്ത് അഭിപ്രായം പങ്കുവയ്ക്കുക.
- ഈ ചലച്ചിത്രത്തിൽ നിങ്ങളെ ഏറ്റവും ആകർഷിച്ച കഥാപാത്രം ആരാണ്? അതിനുള്ള കാരണങ്ങൾ വിവരിച്ച് ഒരു കുറിപ്പു തയ്യാറാക്കുക.

## ഇടരൂപങ്ങൾ തിരിച്ചറിയാം

ഷൂസ് നഷ്ടപ്പെട്ട വിവരം അലി സാറ പറഞ്ഞു.
പൂർണ്ണമായ ആശയം കിട്ടുന്ന രീതിയിൽ വാക്യം ശരിയാക്കി എഴുതുക.
വാക്യം പൂർത്തീകരിക്കാൻ നിങ്ങൾ ഉപയോഗിച്ച ഇടരൂപം ഏത്?
ഇതുപോലെ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.

## ചർച്ചചെയ്യാം കണ്ടെത്താം

ചലച്ചിത്രത്തിലെ അലിയും സാറയും ജീവിതത്തിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? ചർച്ചയിലെ ആശയങ്ങൾ ക്രോഡീകരിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

## സിനിമാസ്വാദനം

നിങ്ങൾക്ക് ഇഷ്ടപ്പെട്ട ചലച്ചിത്രങ്ങളിൽ ഒന്നിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. പ്രമേയം, കഥാപാത്രങ്ങളുടെ സവിശേഷത, ഗാനങ്ങളുടെ പ്രസക്തി, ഛായാഗ്രഹണം, പശ്ചാത്തലസംഗീതം, സംവിധാനം എന്നിവകൂടി പരിഗണിക്കണം.

*സിനിമയിലെ സംഭാഷണങ്ങൾക്കും ദൃശ്യങ്ങൾക്കുമൊപ്പം നമ്മെ ആഴത്തിൽ സ്പർശിക്കാൻ അതിലെ പാട്ടുകൾക്ക് കഴിയാറുണ്ട്. സിനിമയെ ജനപ്രിയമാക്കുന്നതിലും ഗാനങ്ങൾക്ക് ഏറെ സ്വാധീനമുണ്ട്.*

# മുത്തശ്ശിക്കഥയിലൂടെ

മാനത്തേ മച്ചോളം തലയെടുത്ത്
പാതാളക്കുഴിയോളം പാദം നട്ട്
മാലചേലക്കൂറ ചുറ്റിയ കുമ്മാട്ടി
മുത്തശ്ശിക്കഥയിലെക്കുമ്മാട്ടീടെഴുന്നള്ളത്ത്
(കുമ്മാട്ടി... കുമ്മാട്ടി... കുമ്മാട്ടി)

പൂവിടാം കുന്നിന്റെ തോളത്ത്
ഭൂമി കാണാൻ വരും കുമ്മാട്ടി
പറപറന്നാണോ, പല്ലക്കിലാണോ
നടനടന്നാണോ, ഇരിയിരിന്നാണോ
മുത്തശ്ശിക്കഥയിലെക്കുമ്മാട്ടീടെഴുന്നള്ളത്ത്
(കുമ്മാട്ടി... കുമ്മാട്ടി... കുമ്മാട്ടി)

ഒറ്റക്കാതിൽ സൂര്യനെ ഞാത്തി
മറ്റേക്കാതോ വെറുതേ ഞാത്തി
ആയിരമണിയൻ തുറികണ്ണ് - തുറികണ്ണ്
കാടും മേടും കുത്തിമറിക്കാൻ
ആടിവേടകോമ്പല്ല് - കോമ്പല്ല്
ആകാശപ്പന്നി നീട്ടിയ കുള്ളിയാന്തേറ്റ
പെരുഞ്ചെല്ലൂർക്കാവിലെ കോലം പോലെ
പേടിപ്പിച്ചോണ്ട് പേ പറഞ്ഞോണ്ട്
നമ്മളുറങ്ങുമ്പം
മുത്തശ്ശിക്കഥയിലെക്കുമ്മാട്ടീടെഴുന്നള്ളത്ത്
കുമ്മാട്ടി... കുമ്മാട്ടി... കുമ്മാട്ടി



'കുമ്മാട്ടി' എന്ന ചലച്ചിത്രത്തിൽനിന്ന്
[കാവാലം നാരായണപ്പണിക്കർ]

## വിവരണം തയ്യാറാക്കാം

കുമ്മാട്ടിയുടെ വരവിനെ വർണ്ണിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണ്? വിവരണം തയ്യാറാക്കുക. അടിസ്ഥാനപാഠാവലിയിലെ കുമ്മാട്ടി എന്ന പാഠഭാഗത്തിലെ ആശയംകൂടി പരിഗണിക്കണം.

## കഥകൾ വായിക്കാം

മുത്തശ്ശിക്കഥയിലോ കഥാപുസ്തകങ്ങളിലോ കുമ്മാട്ടിയെപ്പോലുള്ള കഥാപാത്രങ്ങളെ നിങ്ങൾ പരിചയപ്പെട്ടിരിക്കുമല്ലോ. അത്തരം കഥാപാത്രങ്ങളെക്കുറിച്ച് ലഘുവിവരണം അവതരിപ്പിക്കുക.

## ഗാനമേള സംഘടിപ്പിക്കാം

കഥാരൂപത്തിലുള്ള ഒരു പാട്ടാണ് നിങ്ങൾ പരിചയപ്പെട്ടത്. ഇതുപോലെ വ്യത്യസ്ത ജീവിതസന്ദർഭങ്ങൾ ആവിഷ്കരിക്കുന്ന ചലച്ചിത്രഗാനങ്ങൾ മലയാളസിനിമയിലുണ്ട്. നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള ചലച്ചിത്രഗാനങ്ങൾ പട്ടികപ്പെടുത്തുക. ഈ ഗാനശേഖരം ഉപയോഗിച്ച് ഗാനമേള ഒരുക്കുമല്ലോ. ലഭ്യമാകുന്ന വാദ്യോപകരണങ്ങൾകൂടി ഉപയോഗിക്കുക.

## പട്ടികപ്പെടുത്താം

ചലച്ചിത്രത്തെ അറിവിനും വിനോദത്തിനുമായി നാം ഉപയോഗിക്കുന്നു. ഇതുപോലെ മറ്റെന്തെല്ലാം ദൃശ്യമാധ്യമങ്ങളാണ് ഇക്കാലത്ത് ഉപയോഗിച്ചു വരുന്നത്? പട്ടികപ്പെടുത്തി ഓരോന്നിന്റെയും പ്രയോജനം വിശദമാക്കുക.

***ആശയവിനിമയ സാധ്യതകൾ വിപുലപ്പെടുത്താൻ സഹായിക്കുന്ന സൈബർ ലോകത്തെ ഉപയോഗപ്പെടുത്തി മാത്രമേ മനുഷ്യസമൂഹത്തിന് മുന്നോട്ടു പോകാനാവൂ. ഇതിനെ വിവേകപൂർവം എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് നാം ചിന്തിക്കേണ്ടത്.***

# കിളി അയാളോട് സംസാരിക്കുന്നു

സന്ധ്യയ്ക്ക് വീട്ടിൽ കയറിച്ചെന്നതായിരുന്നു അയാൾ.
ഭാര്യ ഏതോ ചാനലിലായിരുന്നു. ടി.വി. ഭാര്യയോട്
സംസാരിച്ചുകൊണ്ടേയിരുന്നു.

മോൻ കമ്പ്യൂട്ടറിലായിരുന്നു. ഇ-മെയിലുകൾ
തുടരെത്തുടരെ വർത്തമാനം
പറഞ്ഞുകൊണ്ടേയിരുന്നു.

മോൾ മൊബൈൽഫോണിലാണ്.
മോളോട് മൊബൈൽ നിർത്താതെ
ചിലച്ചുകൊണ്ടേയിരുന്നു.

അയാൾക്ക് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല.

പുറത്തിറങ്ങി ആകാശം നോക്കി.

ആകാശത്തിന്റെ
അനന്തതയിലെവിടെയോ
ഒരു കിളി ചിറകടിച്ചു പറക്കുന്നു.

കിളി അയാളെ നോക്കി.

കിളിയുടെ ഭാഷ അയാൾക്ക്
മനസ്സിലായി.

അയാൾ ഒരിക്കലും
ഒറ്റയ്ക്കല്ലെന്ന് തോന്നി.



**ഇരട്ടമിഠായികൾ**
**(പി. കെ. പാറക്കടവ്)**

## ചർച്ച ചെയ്യാം കണ്ടെത്താം

"തുല്യമായ ഉത്തരവാദിത്വങ്ങളുള്ള കുടുംബപരിസരത്ത് പരസ്പരം അംഗീകരിച്ചുകൊണ്ട് പെരുമാറുകയാണ് അംഗങ്ങൾ ചെയ്യേണ്ടത്."- ഈ പ്രസ്താവനയെ 'കിളി അയാളോട് സംസാരിക്കുന്നു' എന്ന മിനിക്കഥയും താഴെക്കൊടുത്ത സൂചനകളും മുൻനിർത്തി ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

- സ്വാതന്ത്ര്യം
- തുല്യപങ്കാളിത്തം
- ബന്ധങ്ങളിലെ ഊഷ്മളത
- 

## പ്രതികരണക്കുറിപ്പ് തയ്യാറാക്കാം

"ആധുനിക സാങ്കേതികവിദ്യയോട് മുഖംതിരിഞ്ഞു നിൽക്കുന്ന വ്യക്തിയാണ് ഈ കഥയിലെ നായകൻ" – ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം ചർച്ച ചെയ്ത് കുറിപ്പെഴുതുക.

### ആമസോൺ

ഒരു ചായ കിട്ടുമോ എന്നറിയാൻ പതുക്കെ അടുക്കളയിലേക്കു കയറിയതാണ്. ഫ്രിഡ്ജിനു മുകളിലെ കൊച്ചു ടി.വി.പ്പെട്ടിയുടെ മുന്നിൽ പ്രിയപ്പെട്ട ആരോ മരിച്ച വേവലാതിയോടെ നിൽക്കുകയാണ് അന്നാമ്മ. ജോപ്പൻ മോണിറ്ററിലേക്കു നോക്കി. തീ ആളിക്കത്തുകയാണ്. "എന്നതാടി പറ്റിയത്?" കരച്ചിലിന്റെ വക്കിൽ നിന്നുകൊണ്ട് അന്നാമ്മ പറഞ്ഞു: "ആമസോൺ കാട് കത്തുകയാണ്. പതിനാലു ദിവസമായി." ജോപ്പൻ അന്നാമ്മയുടെ ചുമലിൽ കൈ വച്ചു. "അതിനു നമുക്കെന്നതാടീ?" വാർത്തകളിൽനിന്ന് ഊറിക്കിട്ടിയത് അവൾ ഉരുക്കഴിച്ചു; "ഭൂമിക്കു വേണ്ട ഓക്സിജൻ കൂടുതലും കിട്ടുന്നത് ആമസോണിൽനിന്നാണ്. കോടിക്കണക്കിനു ജീവജാലങ്ങളും മരങ്ങളും കത്തിച്ചാമ്പലാകുകയാണ്. ഒരു രാജ്യമല്ല, ഒരു വൻകരതന്നെ കത്തുകയാണ്."

**ചിന്നമുണ്ടി**
**[അംബികാസുതൻ മാങ്ങാട്]**

## സംവാദം നടത്താം

മുകളിൽ തന്നിട്ടുള്ള കഥയും 'കിളി അയാളോട് സംസാരിക്കുന്നു' എന്ന കഥയും താരതമ്യം ചെയ്ത് ടെലിവിഷന്റെയും മറ്റു മാധ്യമങ്ങളുടെയും ഗുണദോഷങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കുക.

## സ്ക്രിപ്റ്റ് തയ്യാറാക്കാം

മഴ പെയ്തുതീർന്നു. പക്ഷേ, മാനം തെളിഞ്ഞിരുന്നില്ല. കട്ടിയായ ഇരുട്ടിൽ നക്ഷത്രങ്ങൾ തെളിഞ്ഞിരുന്നു. കുട്ടി തൊടിയിലേക്കു വിരൽചൂണ്ടി ചിരിച്ചു :

"അച്ഛാ, നച്ചത്രങ്ങൾ. നച്ചത്രം പറക്കുന്നു. ഹായ്, എന്തു രസം!"

അച്ഛൻ പറഞ്ഞു: "നക്ഷത്രമല്ല കുഞ്ഞേ, മിന്നാമിനുങ്ങ്. ഒരുതരം പുഴു."

കുട്ടിക്കു ബോധ്യമായില്ല. ഈ അച്ഛന് എന്തറിയാം? മഴ പെയ്തപ്പോൾ ആകാശത്തു നിന്ന നക്ഷത്രങ്ങൾ എല്ലാംകൂടെ താഴോട്ടു പോന്നതാണ്. അതല്ലേ? ദേ...മാനത്ത് ഒറ്റയെണ്ണവുമില്ലല്ലോ. കുട്ടി വാശിപിടിച്ചു.

രണ്ടാമത്തെ യൂണിറ്റിൽ പരിചയപ്പെട്ട 'നക്ഷത്രം' എന്ന കഥയിൽനിന്നുള്ള ഒരു ഭാഗമാണിത്.

താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ ഈ കഥയിലെ തന്നെ മറ്റൊരു ഭാഗത്തിനോ നിങ്ങൾക്ക് ഇഷ്ടപ്പെട്ട മറ്റേതെങ്കിലും ഒരു കഥാഭാഗത്തിനോ ദൃശ്യവിവരണവും സംഭാഷണവും തയ്യാറാക്കുക.

| ദൃശ്യം (Video) | ശ്രവ്യം (Audio) |
|---|---|
| സമയം രാത്രി.<br><br>മഴ പെയ്തു തീർന്നിരിക്കുന്നു.<br><br>മാനം തെളിഞ്ഞിട്ടില്ല. കട്ടിയായ ഇരുട്ടിൽ നക്ഷത്രങ്ങൾ തെളിഞ്ഞു കാണുന്നുണ്ട്.<br><br>ഒരു കുട്ടി തൊടിയിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അച്ഛനോട് ചിരിച്ചുകൊണ്ട് ചോദിക്കുന്നു.<br><br>അച്ഛൻ വിശദീകരിക്കുന്നു.<br>കുട്ടിക്ക് അത് തീരെ ബോധ്യമാവുന്നില്ല.<br>കുട്ടി വാശിയോടെ പറയുന്നു. | കുട്ടി : (സന്തോഷത്തോടെ) അച്ഛാ, നച്ചത്രങ്ങൾ. നച്ചത്രം പറക്കുന്നു. ഹായ് ! എന്തു രസം !<br><br>അച്ഛൻ : നക്ഷത്രമല്ല കുഞ്ഞേ, അത് മിന്നാമിനുങ്ങാ. ഒരുതരം പുഴു.<br><br>കുട്ടി : ഈ അച്ഛന് എന്തറിയാം? അത് നച്ചത്രം തന്നെയാ. മഴപെയ്തപ്പോൾ ആകാശത്തുനിന്ന് ആ നച്ചത്രങ്ങൾ എല്ലാംകൂടെ താഴോട്ട് പോന്നതാ. ദേ നോക്കിക്കേ,<br>ഇപ്പോൾ ഒറ്റയെണ്ണവുമില്ലല്ലോ! |

## ഹ്രസ്വചിത്രം തയ്യാറാക്കുക

- ഇഷ്ടമുള്ള ഒരു ആശയം അടിസ്ഥാനമാക്കി ദൃശ്യവും സംഭാഷണവും എഴുതി ഒരു ഹ്രസ്വചിത്രം തയ്യാറാക്കുക.
- വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ഒരു ഹ്രസ്വചിത്ര പ്രദർശനം സ്കൂളിൽ സംഘടിപ്പിക്കുക.
- സ്കൂളിൽ സംഘടിപ്പിക്കുന്ന വീഡിയോപ്രദർശനത്തിന്റെ പ്രചാരണത്തിനായി നോട്ടീസ്, ബ്രോഷർ എന്നിവ തയ്യാറാക്കി സ്കൂൾ നവമാധ്യമഗ്രൂപ്പിൽ പങ്കുവയ്ക്കുക.

## ഫീച്ചർ തയ്യാറാക്കുക

പാഠപുസ്തകത്തിൽനിന്ന് ലഭിച്ച വിവരങ്ങളുടെയും ഓൺലൈൻ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള സങ്കേതങ്ങളുടെയും സഹായത്തോടെ 'കേരളത്തിലെ ദൃശ്യകലകൾ' എന്ന വിഷയത്തിൽ ഫീച്ചർ തയ്യാറാക്കുക.

### ഫീച്ചർ തയ്യാറാക്കുമ്പോൾ

- പ്രധാന ആശയങ്ങളെ ഉപാശയങ്ങളായി തിരിക്കണം.
- ഓരോന്നിനും ഉപശീർഷകം നൽകണം.
- ആകർഷകമായ ഭാഷയിൽ ലഘുവാക്യങ്ങളായി തയ്യാറാക്കണം.
- ആവശ്യമുള്ള സ്ഥലങ്ങളിൽ ചിത്രങ്ങളും നൽകാം.
- 
- 

## പദപരിചയം

| | | |
|---|---|---|
| അനുധാവനം | - | പിന്തുടരൽ |
| അനുഭൂതി | - | തോന്നൽ, അനുഭവം |
| അനുരണനം | - | മാറ്റൊലി, മൃദുവായ ശബ്ദം |
| അന്തിമം | - | അവസാനത്തെ |
| ആദിമധ്യാന്തം | - | ആദ്യം മുതൽ അവസാനം വരെ |
| ആധിക്യം | - | കൂടുതൽ |
| ആവാഹിക്കുക | - | സമീപത്തു വരുത്തുക |
| ആയുസ്സ് | - | ജീവിതകാലം, ജീവിതം |
| ഇക്ഷണം | - | ഈ സമയം |
| ഉദാത്തം | - | ഉയർന്ന, ഉൽക്കൃഷ്ടമായ |
| ഉദ്വേഗം | - | വ്യാകുലത, ഭയപ്പെടൽ |
| ഉരുത്തിരിയുക | - | രൂപം കൊള്ളുക |
| ഒപ്പരം | - | കൂടെ |
| ഗതകാലം | - | കഴിഞ്ഞ കാലം |
| ഞാത്തുക | - | തൂക്കിയിടുക |
| താന്തോന്നി | - | തനിക്കു തോന്നിയതുപോലെ നടക്കുന്നയാൾ |
| തോന്ന്യാസം | - | താന്തോന്നിത്തം |
| ദീപ്തം | - | ജ്വലിച്ചത് |
| ദുരിതം | - | ആപത്ത്, കഷ്ടപ്പാട് |

| | | |
|---|---|---|
| ദൃശ്യം | - | കാഴ്ച |
| പല്ലക്ക് | - | സമൂഹത്തിലെ ഉയർന്ന വിഭാഗം ആളുകളെ ചുമന്നുകൊണ്ടു പോകുന്ന ഉപകരണം |
| പിരാന്ത് | - | ഭ്രാന്ത് |
| പെരുത്ത് | - | വളരെ |
| പ്രതിഭ | - | സവിശേഷമായ കഴിവ്, സവിശേഷശേഷിയുള്ളയാൾ |
| ഭീതി | - | ഭയം |
| മച്ച് | - | പലക പാകിയ തട്ട്, അട്ടം |
| മലിനം | - | അഴുക്ക് |
| മാനം | - | അഭിമാനം, ആകാശം, ഒരളവ് |
| വാസ്തവം | - | പരമമായ സത്യം |
| വികൃതം | - | വിരൂപം, ബീഭത്സം, മനസ്സിനെ വികാരപ്പെടുത്തുന്നത് |
| വിരഹം | - | വേർപാട്, വിയോഗം |
| വിശുദ്ധത | - | പരിശുദ്ധി |
| വേവലാതി | - | പരിഭ്രമം |
| വൈരൂപ്യം | - | അഭംഗി |
| ശോഷിക്കുക | - | മെലിയുക, ഉണങ്ങുക |
| സഹതാപം | - | കൂടെ ദുഃഖിക്കുക |
| സാന്ത്വനം | - | സമാധാനപ്പെടുത്തൽ |

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***